# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം**

**Web Edition Only** 2007 ജൂൺ 13


## ഫാ. ഡോ. മാത്യു ബേബിയുടെ സസ്പെൻഷൻ പിൻവലിച്ചു

കോട്ടയം: ഓർത്തഡോക്സ് വൈദികസെമിനാരി അദ്ധ്യാപകനായ ഫാ. ഡോ. മാത്യു ബേബിയുടെ സസ്പെൻഷൻ പിൻവലിച്ചു. പെന്തിക്കോസ്തിക്രമം കോട്ടയം - നാഗ്പൂർ സെമിനാരികളുടെ സംയുക്ത ഫാക്കൽറ്റി തീരുമാനപ്രകാരം പുതുതായി തയ്യാറാക്കിയത് ശ്രേഷ്ഠാനുമതിയില്ലാതെ പ്രസിദ്ധീകരിച്ചു എന്നതിനാണ് അദ്ദേഹത്തെ വൈദിക സെമിനാരി അദ്ധ്യാപകസ്ഥാനത്തു നിന്നും സസ്പെന്റ് ചെയ്തിരുന്നത്.

കഴിഞ്ഞ ശനിയാഴ്ചയാണ് പ. കാതോലിക്കാബാവാ സസ്പെൻഷൻ പിൻവലിച്ചുകൊണ്ടുള്ള കല്പന ഫാ. മാത്യു ബേബിക്ക് നേരിട്ട് നൽകിയത്. പ. കാതോലിക്കാബാവാ സന്തോഷവാനായാണ് തന്നോട് സംസാരിച്ചതെന്ന് ഫാ. മാത്യു ബേബി 'അൽമായ വേദി'യോട് പറഞ്ഞു. തന്റെ വിഷമഘട്ടത്തിൽ ഓർത്തഡോക്സ് അൽമായവേദി നൽകിയ എല്ലാ ധാർമ്മിക പിന്തുണയ്ക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

അതേസമയം, പഠനത്തിനും അഭിപ്രായത്തിനുമായി അയച്ചുകൊടുത്ത പെന്തക്കോസ്തിക്രമം ഔദ്യോഗികമാണെന്ന തെറ്റിദ്ധാരണ ഉണ്ടാകുന്ന തരത്തിൽ ആമുഖമെഴുതി പ്രസിദ്ധീകരിച്ചതിന് ആലുവാ തൃക്കുന്നത്തു സെമിനാരി മാനേജരും മലങ്കര സഭാദീപം പത്രാധിപരുമായ ഫാ. ഡോ. എം. ഒ. ജോണിന് പ. കാതോലിക്കാ ബാവാ കാരണം കാണിക്കൽ നോട്ടീസ് നൽകി. ഏഴു ദിവസത്തിനകം മറുപടി നൽകണമെന്നാണ് കല്പനയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ഇത് ഒരു ഒത്തുകളി ആണെന്ന് അരോപണമുണ്ട്. ഫാ. ഡോ. മാത്യു ബേബിക്ക് സ്വന്തം ഭാഗം വിശദീകരിക്കുവാനുള്ള സാവകാശം പോലും നൽകാതെ സസ്പെൻഷൻ വാങ്ങിക്കൊടുത്തവർ നാമമാത്രമായ ഒരു വിശദീകരണം ഏഴുതിവാങ്ങി ഫാ. ഡോ. എം. ഒ. ജോണിന്റെ പേരിലുള്ള നടപടികൾ അവസാനിപ്പിക്കാനാണ് നീക്കമെന്നാണ് ആരോപണം.

തെറ്റിദ്ധാരണ ഉളവാക്കുന്ന തരത്തിൽ പെന്തിക്കോസ്തി ക്രമം പ്രസിദ്ധീകരിച്ചതിൽ ഫാ. ഡോ. എം. ഒ. ജോണിനെതിരെ നടപടി എടുക്കാത്തതിൽ കടുത്ത പ്രതിഷേധം ഉയർന്നതിനെ തുടർന്നാണ് നാമമാത്രമായെങ്കിലും ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകാൻ നിർബന്ധിതമായത്.

## ഫാ. ഡോ. സാബു കുര്യാക്കോസ് അമേരിക്കയ്ക്ക്

ദേവലോകം: പ. കാതോലിക്കാ ബാവായുടെ സെക്രട്ടറി ഫാ. ഡോ. സാബു കുര്യാക്കോസ് അമേരിക്കയ്ക്ക് യാത്രയായി. പ. പിതാവ് രോഗബാധിതനായി പരുമലയിലും ദേവലോകത്തുമായി കഴിയുന്ന സമയത്തുള്ള ഈ യാത്ര വൻ പ്രതിഷേധമാണ് ഉയർത്തുന്നത്. ദേവലോകം കൈപ്പിടിയിലൊതുക്കാൻ സെക്രട്ടറി നടത്തുന്ന നീക്കങ്ങൾ ഇതോടെ സാധിതമാകുമെന്ന് കരുതുന്നു. ഫാ. ഡോ. മാത്യു ബേബിയുടെ സസ്പെൻഷൻ, ഫാ. ഡോ. എം. ഒ. ജോണിന്റെ ആലുവാ തൃക്കുന്നത്തു സെമിനാരി മാനേജർ സ്ഥാനത്ത് നിയമിച്ചത്, പുതിയ സെക്രട്ടറിയെ ഇലക്ഷനിൽ പിന്തുണച്ചത് തുടങ്ങി അടുത്ത കാലത്ത് സംഭവിച്ച പല കാര്യങ്ങളിലും ഫാ. ഡോ. സാബു കുര്യാക്കോസിന്റെ കൈകൾ ഉണ്ടെന്ന ആരോപണം നിലനിൽക്കെയാണ് അദ്ദേഹത്തിന്റെ ഈ ഒളിച്ചോട്ടം. ഇദ്ദേഹത്തെ ഫാ. ഡോ. എം. ഒ. ജോൺ ബ്ലാക്ക് മെയിൽ ചെയ്തുകൊണ്ടിരിക്കുകയാണെന്ന ആരോപണവും ശക്തമാണ്. പ. പിതാവ് തന്റെ വിശ്വസ്തൻ എന്ന് വിശ്വസിച്ച് പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനത്ത് നിയമിച്ച ഇദ്ദേഹത്തിന് ആ പദവി തന്റെ മെത്രാൻസ്ഥാന സാദ്ധ്യതയ്ക്ക് മങ്ങലേൽപ്പിക്കുമോ എന്ന ഭയമുള്ളതായി പറയപ്പെടുന്നു.

## ലീഗൽ സെൽ പുനഃസംഘടനാ നീക്കം പാളി

കോട്ടയം: ലീഗൽ സെൽ പുനഃസംഘടിപ്പിക്കാൻ പുതിയ സഭാ സെക്രട്ടറി നടത്തിയ നീക്കം വർക്കിംഗ് കമ്മറ്റി തള്ളിയതോടു കൂടി പൂർണ്ണമായി പരാജയപ്പെട്ടു. ഏതാണ്ട് ഒരു മാസക്കാലമായി സെക്രട്ടറി ലീഗൽ സെൽ പുനഃസംഘടിപ്പിക്കാൻ ശ്രമിച്ചു വരികയായിരുന്നു. എന്നാൽ നിയുക്ത കാതോലിക്കായും കേസുകളുടെ ചുമതലകളുള്ള അഡ്വ. പി. ജി. ജേക്കബും നീക്കത്തെ എതിർത്തതിനാൽ പുനഃസംഘടനാ നീക്കം നടക്കാതെ വന്നു. ഇന്നലെ കൂടിയ വർക്കിംഗ് കമ്മറ്റിയാണ് പുനഃസംഘന വേണ്ടെന്ന് തീരുമാനിച്ചത്.

തന്റെ തിരഞ്ഞെടുപ്പ് സമയത്ത് സഭാകേസുകളുടെ നടത്തിപ്പ് ചുമതല നൽകാമെന്ന് വാഗ്ദാനം കൊടുത്ത വക്കീലന്മാരായ മാനേജിംഗ് കമ്മറ്റിയംഗങ്ങളെ തിരുകി കയറ്റാനാണ് പുനഃസംഘടനയ്ക്കു ശ്രമിച്ചതെന്നാണ് പിന്നാമ്പുറ സംസാരം.

ഇതിനിടെ മെയ് 31-നു കൂടിയ വർക്കിംഗ് കമ്മറ്റി കേസുകളുടെ പുരോഗതി വിലയിരുത്താൻ കൂട്ടു ട്രസ്റ്റിമാരെയും വർക്കിംഗ് കമ്മറ്റിയംഗമായ ഫാ. ഏലിയാസ് ചെറുകാടിനെയും ചുമതലപ്പെടുത്തുകയും അതനുസരിച്ച് അവർ ആദ്യഘട്ട നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## ഭൗതികശരീരത്തെ അപമാനിച്ചതിൽ പരക്കെ പ്രതിഷേധം

കുമളി: വാഹനാപകടത്തെ തുടർന്ന് കാലം ചെയ്ത ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഭൗതിക ശരീരത്തെ അപമാനിച്ചതിൽ പ്രതിഷേധം ശക്തമാകുന്നു.

പൊൻകുന്നത്തെ അപകടസ്ഥലത്തുനിന്നും പോലീസ് ജീപ്പിന്റെ പ്ലാറ്റ്ഫോമിൽ കിടത്തിയാണ് മെത്രാപ്പോലീത്തായുടെ ഭൗതികദേഹം കോട്ടയം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയത്. മലങ്കരസഭയുടെ ഒരു മേല്പട്ടക്കാരന്റെ ഭൗതിക ശരീരം ഇത്ര ദയനീയമായ അവസ്ഥയിൽ കൊണ്ടുപോകാൻ ഇടവന്നത് കാര്യങ്ങൾ കൈകാര്യം ചെയ്തവരുടെ പിടിപ്പുകേടാണെന്ന് രോഷാകുലരായ സഭാംഗങ്ങൾ ഗാന്ധിനഗറിൽ തന്നെ

മുറുമുറുത്തിരുന്നു. സഭയുടെ വക വാഹനം സംഭവസ്ഥലത്ത് എത്തിയിരുന്നതു കൂടാതെ എട്ടു കിലോമീറ്റർ ചുറ്റളവിൽ മലങ്കരസഭയ്ക്കും കത്തോലിക്കാ സഭയ്ക്കും സർക്കാരിനുമായി പത്തിലധികം ആംബുലൻസുകൾ ഉള്ളപ്പോഴാണ് ഈ ഗതികേട് സംഭവിച്ചത്. ഉന്നതപോലീസ് അധികാരികളുമായോ ജനപ്രതിനിധികളുമായോ ബന്ധപ്പെടാനോ, മാന്യമായ രീതിയിൽ ഭൗതികശരീരത്തെ മെഡിക്കൽ കോളജിൽ എത്തിക്കുവാനോ സഭാഭരണം പൂർണ്ണമായും സ്വയം നടത്തുന്നു എന്ന് അവകാശപ്പെടുന്ന പുതിയ സെക്രട്ടറി ശ്രമിച്ചില്ലെന്നാണ് ആരോപണം. ഒരു മേല്പട്ടക്കാരന്റെ ഭൗതികശരീരം ഇപ്രകാരം സ്വന്തം സഭാനേതാക്കന്മാരുടെ പിടിപ്പുകേടു മൂലം അപമാനിക്കപ്പെട്ടതിൽ സംഭവമറിഞ്ഞ് മെഡിക്കൽ കോളജിൽ എത്തിയ ചില സഹോദരീ സഭകളിലെ വൈദികരും പ്രതിഷേധിച്ചു.

## ഫാ. ഡോ. എം. ഒ. ജോണിനെതിരെ പ. പിതാവിന് നൽകിയ അപേക്ഷ

**മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസിഡന്റും, പൗരസ്ത്യ കാതോലിക്കായുമായ മോറാൻ മാർ ബസേലിയോസ് മാർ ത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ തിരുമനസിലെ തിരുമുമ്പാകെ താഴെ പേര് എഴുതി ഒപ്പിട്ടിരിക്കുന്ന സഭാംഗങ്ങൾ സമർപ്പിക്കുന്ന അപേക്ഷ.**

പരിശുദ്ധ പിതാവേ,

മലങ്കര ഓർത്തഡോക്സ് സഭയുടെ മാനേജിംഗ് കമ്മറ്റിയിലെ ക്യാനഡ ഭദ്രാസനത്തിൽ നിന്നുള്ള അംഗവും ആലുവ തൃക്കുന്നത്തു സെമിനാരി മാനേജരുമായ ഫാ. ഡോ. എം. ഒ. ജോൺ പ്രിന്ററും പബ്ലീഷറുമായ പ്രസിദ്ധീകരണമാണ് മലങ്കര സഭാദീപം എന്ന ദ്വൈവാരിക.

ഈ പ്രസിദ്ധീകരണത്തിന്റെ കഴിഞ്ഞ ലക്കത്തിൽ (ജൂൺ 15) 2006-ൽ പരിശുദ്ധ പിതാവ് തന്റെ ആലോചനാസമിതിയിലേക്ക് നിയമിച്ച ശ്രീ. ജോൺ സക്കറിയ മലങ്കര സഭാംഗമല്ലായെന്ന ഒരു പ്രസ്താവന ചേർത്തിട്ടുണ്ട്. ശ്രീ. ജോൺ സക്കറിയ അങ്കമാലി ഭദ്രാസനത്തിലെ സഭാകേസിൽ ഉൾപ്പെട്ട കിഴക്കമ്പലം St. Peters & St. Pauls പള്ളി ഇടവകാംഗമാണ്. ഇദ്ദേഹത്തിന്റെ സഹോദരൻ ശ്രീ. കോര ജോൺ 2002-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ നടത്തിയ മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്ത, അങ്കമാലി ഭദ്രാസനത്തിലെ തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റി (2002-2007) അംഗമായിരുന്നു. ആയതിനാൽ ബഹുമാനപ്പെട്ട ജോണച്ചന്റെ പ്രസ്താവന തികച്ചും വ്യാജമാണ്.

എന്നാൽ, ഓർത്തഡോക്സ് സഭാംഗങ്ങൾ എന്ന നിലയിൽ ഞങ്ങളെ ഞെട്ടിക്കുകയും വേദനിപ്പിക്കുകയും ചെയ്തത് പരിശുദ്ധസഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ കാതോലിക്കാബാവാ നിരുത്തരവാദപരമായി പെരുമാറി, സഭാംഗമല്ലാത്ത ഒരാളെ നിയമിക്കുകയും ചെയ്തു എന്ന രീതിയിലുള്ള പരാമർശനമാണ്. സഭാംഗമല്ലാത്ത ഒരാളെ സഭയുടെ ഏറ്റവും ഉയർന്ന സമിതിയിലേക്ക് നിയമിച്ചു എന്ന പരാമർശനം യഥാർത്ഥത്തിൽ പരിശുദ്ധ പിതാവിനെതിരായുള്ള ആരോപണമാണ്.

ശ്രീ. കോര ജോണിനെ 2002-ൽ മാനേജിംഗ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുത്തപ്പോഴോ ജോൺ സക്കറിയായെ വർക്കിംഗ് കമ്മറ്റിയിലേക്ക് നിയമിച്ചപ്പോഴോ ആരും ഉന്നയിക്കാത്ത ഈ ആരോപണം ഫാ. ഡോ. എം. ഒ. ജോൺ ഇപ്പോൾ ഉന്നയിക്കുന്നത് പരിശുദ്ധ പിതാവിനെ അപകീർത്തിപ്പെടുത്താനാണെന്ന് ഞങ്ങൾ മനസിലാക്കുന്നു. പരിശുദ്ധ സഭയ്ക്കും സഭാതലവനും ഉണ്ടാകുന്ന അപകീർത്തി സഭാംഗങ്ങളായ ഞങ്ങൾക്ക് വേദനാജനകമാണ്.

സഭാതലവനെതിരായി സഭയുടെ ഒന്നിലധികം ഉത്തരവാദിത്തപ്പെട്ട ഉന്നതസ്ഥാനങ്ങൾ വഹിക്കുന്ന വ്യക്തികൾ ഇത്തരം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് സഭയുടെ കെട്ടുറപ്പിനെ ബാധിക്കുന്ന വിഷയമാണ്. ആയതിനാൽ ശിക്ഷാർഹമായ കുറ്റവുമാണ്.

സഭാഭരണഘടനപ്രകാരം ശിക്ഷണത്തിന് അധികാരമുള്ള പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്, സഭയ്ക്കും, സഭാതലവനായ പരിശുദ്ധ പിതാവിനും സഭാംഗങ്ങളായ ഞങ്ങൾക്കും അപകീർത്തി ഉണ്ടാക്കുന്ന പ്രസ്താവന നടത്തിയ ഫാ. ഡോ. എം. ഒ. ജോണിനെ അദ്ദേഹം വഹിക്കുന്ന സർവ്വ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്നും ഉടൻ പുറത്താക്കിയ ശേഷം നിയമപരമായ അന്വേഷണം നടത്തി മാതൃകാപരമായി ശിക്ഷിക്കണമെന്ന് അപേക്ഷിക്കുന്നു.

പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അടിയന്തിരമായി അപ്രകാരം ഒരു നടപടിയെടുക്കാത്ത പക്ഷം പരിശുദ്ധ സഭയ്ക്കും സഭാതലവനും ഞങ്ങൾക്കുമുണ്ടാകുന്ന മാനനഷ്ടം പരിഹരിച്ചു കിട്ടുവാൻ നീതിന്യായ കോടതികളെ സമീപിക്കുവാൻ ഞങ്ങൾ നിർബന്ധിതരായി തീരുമെന്നും ഞങ്ങൾ അറിയിച്ചുകൊള്ളുന്നു.

എന്ന്

അവിടുത്തെ ആത്മീയമക്കൾ


മലങ്കര സഭാ സംബന്ധമായ വാർത്തകൾ ചൂടോടെ അറിയുവാൻ,
പുസ്തകങ്ങൾ, സി. ഡി. കൾ, പാട്ടുകൾ
എന്നിവ സൗജന്യമായി
ഡൗൺലോഡ് ചെയ്യുവാൻ.

**മലങ്കര ഓർത്തഡോക്സ് ടിവി**

സന്ദർശിച്ചുകൊണ്ടിരിക്കുക

www.malankaraorthodox.tv/

വരിസംഖ്യയില്ല.
സംഭാവന നൽകിയാൽ സ്വീകരിക്കും.
ദൈവം അനുവദിക്കുന്നിടത്തോളം കാലം സഭയുടെ നന്മയ്ക്കായി ഈ പ്രസ്ഥാനം ഉണ്ടായിരിക്കും

വിലാസം:

**Joice Thottackad**
**Malankara Orthodox Communications**
**Sophia Books, IInd floor, Kandathil Building, Temple Road, Kottayam-686 001**
**Ph: 91 0481 3255054, Mob: 99471 20697**
**Account Number 5700844115-1**
**SBT CMS College Branch (Code Number 7484)**